പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

## മൂന്നാമത് റിപ്പോർട്ട്

(2006 ഒക്ടോബർ മാസം 19–ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കണ്ണൂർ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2006

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

മൂന്നാമത് റിപ്പോർട്ട്

(2006 ഒക്ടോബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കണ്ണൂർ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

927/2006.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാന നിഗമനങ്ങളും ശുപാർശകളും | .. | |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എം. സി. വത്സൻ, സെക്രട്ടറി
ശ്രീ. എസ്. പരമേശ്വരൻ, ജോയിന്റ് സെക്രട്ടറി
,, ഡി. സുകുമാരൻ ആചാരി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 ഒക്ടോബർ മാസം 10-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2006 ഒക്ടോബർ 19.

# റിപ്പോർട്ട്

## കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

### മയ്യിൽ ഗ്രാമപഞ്ചായത്ത്

ആഡിറ്റ് ഖണ്ഡിക

അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനതീതമായി പൊതുമരാമത്ത് പണിക്ക് ചെലവാക്കിയ തുക 2,442 രൂപയുടെ പാഴ്ചെലവ്

ചാത്തോത് പാലം, റോഡുനിർമ്മാണം, പുതുതായി നിർമ്മിച്ച റോഡിന്റെ പ്രവൃത്തി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതനുസരിച്ച് (അളവു പുസ്തകം 3/95-96 പേജ് 48) ഏകയിനം പ്രവൃത്തിയായ മണ്ണ് വെട്ടുന്നതിന് 10 ഘ.മീറ്ററിനു 4,906 രൂപ കരാറുകാരനു നൽകിയിട്ടുണ്ട്. എന്നാൽ നടന്ന പ്രവൃത്തിയുടെ അളവ് താഴെപ്പറയും പ്രകാരം വിശദീകരിച്ചതനുസരിച്ച് (മെഷർമെന്റ് ബുക്കിൽ ശരിയായ അളവ് 110.4 ഘ.മീറ്റർ മാത്രമേ വരുകയുള്ളു.)

| പ്രവൃത്തിയുടെ അളവ് | രേഖപ്പെടുത്തിയ മൊത്ത അളവ് | ശരിയായ മൊത്ത അളവ് |
|---|---|---|
| 32 X 1.50 X 1.20 | 115.2 ഘ.മീ. | 57.6 ഘ.മീ. |
| 30 X 1.60 X 1.10 | 105.6 ഘ.മീ. | 52.8 ഘ.മീ. |
| ആകെ | 220.8 ഘ.മീ. | 110.4 ഘ.മീ |

ആയതിനാൽ ഈ ഇനത്തിൽ അധികമായി നൽകിയ 2,442 രൂപ പാഴ്ചെലവാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, അദ്ധ്യായം II-ലെ ഖണ്ഡിക III (1)].

ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

1. "കണ്ണൂർ ലോക്കൽ ഫണ്ട് ജില്ലാ എക്സാമിനറുടെ 4-3-1999-ലെ എൽ.എഫ്.സി.8/38/98-ലെ 1996-97 ഓഡിറ്റ് ഖണ്ഡിക 34 പ്രകാരമുള്ള 2455 രൂപയുടെ തടസ്സം സംബന്ധിച്ച വിവരം ഓഡിറ്റ് കോപ്പി സഹിതം ബന്ധപ്പെട്ട സെക്രട്ടറിക്കും പ്രവൃത്തി എടുത്ത കോൺട്രാക്ടർക്കും രജിസ്റ്റേർഡ് നോട്ടീസ് അയച്ചിരുന്നു. കോൺട്രാക്ടർ പ്രസ്തുത നോട്ടീസിന് മറുപടിയായി ഓഡിറ്റിൽ പറയുന്ന തടസ്സത്തിന് താൻ ഉത്തരവാദിയല്ല എന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവർത്തികളും ചെയ്തതിനാൽ തടസ്സപ്പെടുത്തിയ തുക തന്നിൽ നിന്ന് ഈടാക്കരുതെന്നും ആയത് അടയ്ക്കാൻ താൻ തയ്യാറല്ല എന്നുമാണ് മറുപടി നൽകിയത്. അതുപ്രകാരം വീണ്ടും 16-8-2003-ന് കോൺട്രാക്ടർക്ക് തുക ഒടുക്കാൻ ആവശ്യപ്പെട്ട് ഒരു നോട്ടീസ് കൂടി അയച്ചിരുന്നെങ്കിലും മുമ്പ് സമർപ്പിച്ച അതേ മറുപടി തന്നെ വീണ്ടും ആവർത്തിച്ചു

നൽകുകയും പ്രസ്തുത മറുപടി പഞ്ചായത്ത് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചെങ്കിലും യാതൊരു തീരുമാനവും എടുക്കാതെ മാറ്റിവെയ്ക്കുകയാണ് ഉണ്ടായത്.

2. മേൽ വിഷയത്തിൽ ഇത്രയും നടപടികൾ മാത്രമാണ് ഉണ്ടായത് എന്ന വിവരം സമർപ്പിക്കുന്നു."

(മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-12-2004-ലെ എ-1214/2004 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

3. വർക്ക് മെഷർമെന്റ് നടത്തിയിരുന്നത് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്നുവെന്നും അതിനാൽ അധികം നൽകിയ 2,451 രൂപ 13-12-2004-ന് അദ്ദേഹം അടച്ചിട്ടുണ്ടെന്നും മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അബ്ദുൽ ഫത്താഹ് സമിതിയുടെ 15-12-2004-ലെ തെളിവെടുപ്പ് വേളയിൽ അറിയിച്ചു. മയ്യിൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി. പി. കുഞ്ഞികൃഷ്ണൻ 2,451 രൂപ 13-12-2004-ലെ രസീതി നം. 45732/12 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 30-1-2006-ലെ എച്ച്.3/543/06 നമ്പർ കത്തിലൂടെയും അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

4. പഞ്ചായത്തിന് നഷ്ടമായ തുക തിരിച്ചടച്ചുവെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**മുണ്ടേരി ഗ്രാമപഞ്ചായത്ത്**

ആഡിറ്റ് ഖണ്ഡിക

അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനതീതമായി പൊതുമരാമത്ത് പണിക്ക് ചെലവാക്കിയ തുക 5017 രൂപയുടെ പാഴ് ചെലവ്

മുണ്ടേരി ഗ്രാമപഞ്ചായത്തിലെ ഏച്ചൂർ നിലപ്പനക്കുന്നു ഹരിജൻ കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കുന്നതിനുള്ള രണ്ടു കെട്ടിടത്തിന്റെയും നിർമ്മാണത്തിന് 'മോർട്ടാർ ചെങ്കൽ' പ്രവൃത്തി ചെയ്തിരിക്കുന്നത് 9.85 എം ക്യൂബ് വീതമാണ്. ഡേറ്റാ ബുക്ക് പ്രകാരം ഒരു എം. ക്യൂബിന് 60 കല്ലുകളാണ് ആവശ്യം. അപ്രകാരം ഓരോ പ്രവൃത്തിക്കും 591 കല്ലുകൾ ആവശ്യമാകും. എന്നാൽ ഓരോ പ്രവർത്തിക്കും ആയിരത്തിന് 7400 രൂപ നിരക്കിൽ 930 കല്ലുകൾ വീതം 6882 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് ആവശ്യമായ കല്ലിന്റെ എണ്ണം, അളവ് എന്നിവയെ സംബന്ധിച്ച എൻജിനീയറുടെ പ്രത്യേക സർട്ടിഫിക്കറ്റൊന്നും ഇല്ലാത്തതിനാൽ ഡേറ്റാ ബുക്കിലെ ആവശ്യകത മാത്രമേ ആഡിറ്റിൽ അംഗീകരിക്കുകയുള്ളൂ. ആയതിനാൽ അധികമായി വാങ്ങിയ 678 കല്ലുകളുടെ വില

$$930-591 \times \frac{2 \times 7400}{1000} = 5017$$ രൂപ അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, III (2)]

ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

5. "ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചതും കണ്ണൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 1996-ലെ ആഡിറ്റ് റിപ്പോർട്ട് പാരാ 26-ൽ പറഞ്ഞതുമായ 5017 രൂപയുടെ നഷ്ടം നികത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണം പഞ്ചായത്ത് തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 20-6-2001-ലെ 127/2001 നമ്പർ തീരുമാനപ്രകാരം ഉദ്യോഗസ്ഥൻ ഉത്തമ വിശ്വാസത്തോടെ ചെയ്ത പ്രവൃത്തി എന്ന നിലയിൽ മേൽതടസ്സം ഒഴിവാക്കി ഉത്തരവുണ്ടാകണമെന്ന് കണ്ണൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിക്കുകയുണ്ടായി. പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച കണ്ണൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 5-4-2002-ലെ എൽ.എഫ്.സി.7/102/2002 നമ്പർ കത്ത് പ്രകാരം മേപ്പടി തടസ്സം ഒഴിവാക്കിയതായി അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. ആകയാൽ സമാഹൃത റിപ്പോർട്ടിന്റെ പ്രസക്ത ഖണ്ഡികയിലെ തടസ്സം ഒഴിവാക്കിയതായി പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു."

(മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-12-2004-ലെ എ/1369/2004 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

6. ആഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി 2001-ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് ആഡിറ്റ് വകുപ്പിന് മറുപടി നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ 5-4-2002-ൽ ആഡിറ്റ് തടസ്സം ഒഴിവാക്കിയിരുന്നു. ഈ പരാമർശം ഒഴിവാക്കിയ വിവരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് യഥാസമയം സമിതിയെ അറിയിക്കുകയോ രേഖകളിൽ മാറ്റം വരുത്തുകയോ ചെയ്തിരുന്നെങ്കിൽ തടസ്സം ഒഴിവാക്കി 3 വർഷം കഴിഞ്ഞശേഷം നിയമസഭാ സമിതിയുടെ പരിശോധനയ്ക്ക് വരേണ്ട സാഹചര്യവും മുണ്ടേരി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ സമിതിയുടെ തെളിവെടുപ്പിനായി കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് വരേണ്ടി വന്ന സാഹചര്യവും ഒഴിവാക്കാമായിരുന്നു. ഇക്കാര്യം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**പായം ഗ്രാമപഞ്ചായത്ത്**

ആഡിറ്റ് ഖണ്ഡിക

പൊതുമരാമത്ത് പണിക്കാവശ്യമായ സാമഗ്രികൾ അധിക വിലയ്ക്ക് ശേഖരിച്ചത്—അധിക വിലയിൽ ഉണ്ടായ നഷ്ടം 20,615 രൂപ

പൊതുമരാമത്ത് പണിക്കാവശ്യമായ സാമഗ്രികൾ ലാഭകരവും നിയമപരവുമായ മാർഗ്ഗങ്ങളിൽ ശേഖരിക്കാതെ അധിക വില നൽകി പഞ്ചായത്തിന് നഷ്ടം വരുത്തിയ ഇടപാടുകൾ ആഡിറ്റിൽ കാണാനിടയായി.

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിൽ 1994-95-ലെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ കിണർ കുഴിച്ചു കെട്ടിയ പ്രവൃത്തിയിൽ കിണറിന് പ്ലാറ്റ്ഫോം, പാരപ്പറ്റ് എന്നിവ കെട്ടുന്നതിന് 34.89 ഘ.മീ.

ചെങ്കല്ല് ക്യൂബിക് മീറ്ററിന് 850 രൂപ നിരക്കിൽ ക്വട്ടേഷൻ വ്യവസ്ഥയിൽ വാങ്ങി വിലയായി 29,636 രൂപ നൽകി (ആയത് കല്ലൊന്നിന് 14.16 രൂപ നിരക്കിൽ) റിപ്പോർട്ടു കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് കല്ലൊന്നിന് 4.50 രൂപ മുതൽ 5 രൂപ വരെ വില മാത്രമേ കടത്തുകൂലിയുടെ വ്യതിയാനമനുസരിച്ച് നിലവിലുണ്ടായിരുന്നുള്ളൂ. ടെൻഡർ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കാത്ത തിനാലാണ് ലാഭകരമായ റേറ്റിൽ വെട്ടുകല്ല് വാങ്ങാൻ സാധിക്കാതെയായത്. മാത്രമല്ല ഈ പഞ്ചായത്തിൽ ഇതേ കാലയളവിൽ വളരെ കുറഞ്ഞ റേറ്റിൽ കല്ലുകൾ ലഭ്യമായിട്ടുണ്ട്. ഉദാഹരണമായി 1995-96 വർഷത്തെ ഉപാധിരഹിത ഫണ്ടിന്റെ വിനിയോഗത്തിൽ ഒൻപത് കക്കൂസ് നിർമ്മിക്കുന്നതിന് ഘ.മീറ്ററിനു 258.60 രൂപ നിരക്കിൽ വെട്ടുകല്ലുകൾ വൗച്ചർ 329/28-10-1996 പ്രകാരം വാങ്ങിയിട്ടുണ്ട്. അതായത് 4.31 രൂപ നിരക്കിൽ വെട്ടുകല്ലുകൾ സപ്ലൈ ചെയ്യാൻ സാധിച്ചിരുന്നു എന്നു കാണാം. 4.31 രൂപ നിരക്കിലും 14.16 രൂപ നിരക്കിലും ഈ പഞ്ചായത്തിൽ ഒരേ കാലയളവിൽ ചെങ്കൽ സപ്ലൈ ചെയ്തതിന്റെ പൊരുത്തക്കേടുകൾ വിശദീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ താഴെ വിവരിക്കും പ്രകാരം 20615 അധികം നൽകി നഷ്ടം വന്നതായി കണക്കാക്കുന്നു.

| | |
|---|---|
| 2093 വെട്ടുകല്ലിന് 14.16 രൂപ നിരക്കിൽ നൽകിയ വില | 29,636 |
| 2093 വെട്ടുകല്ലിന് 4.31 രൂപ നിരക്കിൽ നൽകിയ വില | 9,021 |
| അധിക ചെലവ് | 20,615 |

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, 9, III (IV) (1)]

ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

7. "1994-95-ലെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് പായം ഗ്രാമപഞ്ചായത്താഫീസ് കോമ്പൗണ്ടിൽ കിണർ കുഴിച്ച് കെട്ടുന്ന പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ചെയ്ത് തീർക്കാൻ കഴിയില്ലെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തി ലോക്കൽ നിരക്കിൽ ചെയ്യുവാൻ പഞ്ചായത്ത് തീരുമാനിക്കുകയും അതു പ്രകാരം കിണറിനാവശ്യമായ നല്ലയിനം കല്ലിന് ലോക്കൽ നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ 1 $M^3$ ന് 850 രൂപ നിരക്കിലുള്ള ക്വട്ടേഷൻ പഞ്ചായത്ത് അംഗീകരിക്കുകയുണ്ടായി. ഡാറ്റാ പ്രകാരം 1 $M^3$ ന് 60 കല്ല് മാത്രമാണ് വേണ്ടത്. ഇതു പ്രകാരം ഒരു കല്ലിന് 14.16 രൂപ വരും. എന്നാൽ 1 $M^3$ ന് 100 കല്ല് ലഭിക്കുന്ന സംഗതിയിൽ 1 കല്ലിന് 8 രൂപ 50 പൈസ മാത്രമാണ് ചെലവ് വരുന്നത്. കല്ലിന് എല്ലാ കാലത്തും ഒരു വിലയായിരിക്കയില്ല. മാത്രമല്ല കിണർ കുഴിച്ചു കെട്ടുന്ന പ്രവൃത്തി ആയതിനാൽ നല്ലയിനം കല്ലുകൾ തന്നെ ആവശ്യവുമാണ്. സൈറ്റിൽ നിന്നു തന്നെ കിട്ടുന്ന താണയിനം കല്ലിന് വില കുറച്ച് കിട്ടും. കിണറിന്റെ പ്രവൃത്തിയായതിനാൽ നല്ലയിനം കല്ലുകൾ തന്നെ ഉപയോഗിക്കണമെന്നതിനാലും സൈറ്റിന് അടുത്ത് നല്ലയിനം കല്ല് കിട്ടാത്തതിനാലുമാണ് ഈ നിരക്കിൽ ക്വട്ടേഷൻ അംഗീകരിച്ചത്. പഞ്ചായത്ത് ക്വട്ടേഷൻ അംഗീകരിക്കുകയും ലോക്കൽ നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ജില്ലാ പഞ്ചായത്താഫീസിൽ നിന്ന് അംഗീകരിച്ചു കിട്ടുകയും ചെയ്തതിനു ശേഷം മാത്രമാണ് കല്ലുകൾ വാങ്ങിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ

മേൽനോട്ടം വഹിക്കുന്നതിന് സബ് കമ്മിറ്റിയും ഉണ്ടായിരുന്നു. കിണറിന്റെ പ്രവൃത്തിക്ക് വേണ്ടി ചെലവു ചെയ്ത എല്ലാ ചെലവുകളും പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചായത്ത് ഫണ്ട് യാതൊരു വിധത്തിലും ദുർവിനിയോഗം ചെയ്തിട്ടില്ല. ഉപാധിരഹിത ഫണ്ട് വിനിയോഗിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം മാത്രമേ ഈ ഇനത്തിൽ എല്ലാ ചെലവുകളും ചെയ്തിട്ടുള്ളൂ. മേൽകാര്യങ്ങൾ പരിഗണിച്ച് മേൽ അപാകതകൾ പരിഹരിച്ചു കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.''

[പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 9-12-2004-ലെ A3-2028/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

8. കല്ലിന്റെ വിലയിൽ 10 രൂപയുടെ വ്യത്യാസം വന്നതെങ്ങനെയാണെന്നും ടെണ്ടർ ക്ഷണിക്കാതെ കല്ല് വാങ്ങിയത് എന്തുകൊണ്ടാണെന്നും 15-12-2004-ലെ തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് ഡയറക്ടറോട് സമിതി ആരാഞ്ഞു. ഉപാധി രഹിത ഫണ്ടായതുകൊണ്ടും കിണറിന്റെ പ്രവൃത്തിയായതിനാൽ നല്ലയിനം കല്ലുകൾ തന്നെ ഉപയോഗിക്കണമെന്നതിനാലും സൈറ്റിന് അടുത്ത് നല്ലയിനം കല്ല് കിട്ടാത്തതിനാലുമാണ് ഈ നിരക്കിൽ ക്വട്ടേഷൻ അംഗീകരിച്ചതെന്നും ലോക്കൽ നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ജില്ലാ പഞ്ചായത്ത് ആഫീസിൽ നിന്ന് അംഗീകരിച്ച് കിട്ടിയതിനുശേഷമാണ് കല്ലുകൾ വാങ്ങിയിട്ടുള്ളതെന്നും, കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് ആഡിറ്റുകാർ അംഗീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി ബോധിപ്പിച്ചു.

9. ആഡിറ്റ് നിഗമനമനുസരിച്ച് 4.31 രൂപ നിരക്കിൽ ലഭിക്കുമായിരുന്ന കല്ല് 14.16 രൂപ നിരക്കിൽ വാങ്ങി 2093 വെട്ടുകല്ലിന് 9026 രൂപ ചെലവാക്കുന്നതിന് പകരം 29,636 രൂപ ചെലവാക്കിയതിനാൽ 20,615 രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ടെന്നും അന്നത്തെ സെക്രട്ടറിയും കോൺട്രാക്റ്ററും തമ്മിൽ നീക്കുപോക്ക് ഉണ്ടായിരുന്നോ എന്ന് സംശയം ജനിപ്പിക്കുന്ന രീതിയിലാണ് ഇടപാടുകൾ നടന്നിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെടുന്നു.

10. 1997-98 കാലയളവിൽ നടന്ന ആഡിറ്റായിരുന്നുവെങ്കിലും 6 വർഷം കഴിഞ്ഞ് സമിതി പരിശോധനയ്ക്കെടുത്തപ്പോൾ മാത്രമാണ് കംപാരറ്റീവ് സ്റ്റേറ്റ്മെന്റും ന്യായീകരണങ്ങളും നല്കുന്നത്. ഇക്കാര്യത്തിൽ സെക്രട്ടറിയോ പിന്നീട് വന്നിട്ടുള്ള സെക്രട്ടറിമാരോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പോലുമോ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

11. 15-12-2004-ലെ സമിതിയോഗം, നിർദ്ദേശിച്ചതനുസരിച്ച് കണ്ണൂർ പഞ്ചായത്ത് അഡിസ്റ്റന്റ് ഡയറക്ടറുടെ 28-12-2004-ലെ പി.എ3/9247/04/നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ടിലും ക്വട്ടേഷൻ ലഭിച്ചതിനും അത് പഞ്ചായത്ത് അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയതിനും യാതൊരു റെക്കോർഡുകളും കാണുന്നില്ലെന്നും എം ബുക്ക്, മസ്റ്റർ റോൾ എന്നിവ ലഭ്യമായിട്ടില്ലെന്നും ആണ് അറിയിച്ചിട്ടുള്ളത്.''

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

12. 1997-98 കാലയളവിൽ നടന്ന ആഡിറ്റായിരുന്നുവെങ്കിലും ആറു വർഷം കഴിഞ്ഞ് സമിതി പരിശോധനയ്ക്ക് എടുത്തപ്പോൾ മാത്രമാണ് ഇക്കാര്യത്തിൽ ന്യായീകരണങ്ങളും കംപാരറ്റീവ് സ്റ്റേറ്റ്മെന്റുമൊക്കെ ലഭ്യമാക്കിയിട്ടുള്ളത്. അന്നത്തെ സെക്രട്ടറിയോ പിന്നീട് വന്നിട്ടുള്ള സെക്രട്ടറിമാരോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോ, ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി ആവശ്യപ്പെട്ടതനുസരിച്ച് ഇക്കാര്യം സംബന്ധിച്ച ചില രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എം ബുക്ക്, മസ്റ്റർ റോൾ എന്നിവ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടില്ല എന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഫയൽ കണ്ടെടുക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. നടപടിക്രമങ്ങൾ പാലിക്കാതിരിക്കുകയും രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ആഡിറ്റ് ഖണ്ഡിക

### പുറമ്പോക്കിൽ മുള, തേക്ക് എന്നിവ വച്ചുപിടിപ്പിക്കൽ—ധനദുരുപയോഗം

തേക്കിൻ തൈകളും മുളവിത്തുകളും പുറമ്പോക്കിൽ വച്ചുപിടിപ്പിക്കുന്നതിനും തൈകൾ നനയ്ക്കുന്നതിനും ഡീസൽ പമ്പ് വാങ്ങുന്നതിനുമായി 32,090 രൂപ ചെലവഴിച്ചിട്ടുണ്ട്. 3 വർഷത്തിനുശേഷവും പമ്പ് പാക്കിംഗ്പോലും പൊട്ടിക്കാതെ പഞ്ചായത്താഫീസിൽ ഉപയോഗശൂന്യമായിരിക്കുന്നു എന്നും തൈകൾ ഒന്നുപോലും മുളച്ചിട്ടില്ല എന്നുമുള്ള വസ്തുതകൾ ദീർഘവീക്ഷണമില്ലാതെ ആവിഷ്ക്കരിച്ച ഒരു പദ്ധതിയുടെ പേരിൽ പദ്ധതിപ്പണം ദുരുപയോഗപ്പെടുത്താനുള്ള ശ്രമമായി കാണേണ്ടിയിരിക്കുന്നു. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ഈ പ്രോജക്ടിന്റെ കോപ്പി ഹാജരാക്കാത്തത് ധനദുരുപയോഗ ശ്രമത്തെ കൂടുതൽ ബലപ്പെടുത്തുന്നുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക 13 (1)]

### ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

13. "മേൽപ്പറഞ്ഞ ഇടപാടിൽ പർച്ചേസ് ടാക്സ് റസീറ്റ് നമ്പർ 3087/88 തീയതി 17-7-1996 പ്രകാരം ഈടാക്കി സർക്കാരിലേക്ക് അടച്ചിട്ടുണ്ട്."

[പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 9-12-2004-ലെ എ3-2028/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

14. പുറമ്പോക്ക് സ്ഥലത്ത് തേക്ക്, മുള എന്നിവ വച്ചുപിടിപ്പിക്കുന്നതിനും തൈകൾ നനയ്ക്കുന്നതിന് ഡീസൽ പമ്പ് വാങ്ങുന്നതിനുമായി 32,090 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പമ്പ് പ്രസ്തുത ആവശ്യത്തിനായി ഉപയോഗിച്ചിട്ടില്ല എന്നും ഇപ്പോൾ അമ്പലഭാഗം കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കുന്നുണ്ടെന്നും നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറി

15-12-2004-ലെ സമിതിയുടെ തെളിവെടുപ്പിൽ മൊഴി നൽകി. കുടിവെള്ള വിതരണത്തിന് പ്രത്യേക പ്രോജക്ട് ഉണ്ടായിരുന്നോ എന്നും യഥാർത്ഥത്തിൽ ഈറ്റയും മുളയും പ്ലാന്റ് ചെയ്തിരുന്നോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് അക്കാര്യം അറിയില്ലെന്നും പ്രോജക്ടിന്റെ കോപ്പി ഫയലിൽ ഉണ്ടെന്നും സെക്രട്ടറി അറിയിച്ചു. സെക്രട്ടറിയുടെ മറുപടി തൃപ്തികരമല്ലെന്ന് തോന്നിയതിനാൽ ഇത് സംബന്ധമായ ഫയൽ പരിശോധനയ്ക്ക് നൽകാൻ നിർദ്ദേശിച്ചിരുന്നു.

15. സമിതി നിർദ്ദേശ പ്രകാരം സമർപ്പിച്ച പായം ഗ്രാമപഞ്ചായത്തിന്റെ എ3-1081/01 നമ്പർ ഫയൽ പരിശോധിച്ചതിൽ ഈറ്റ, മുള എന്നിവ വച്ച് പിടിപ്പിക്കുന്നതിന് 40,000 രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നതായും തേക്ക് തൈകൾ, മുള എന്നിവ വാങ്ങുന്നതിന് 2,900 രൂപയും തൊഴിലാളികൾക്കുള്ള കൂലിയിനത്തിൽ 15,000 രൂപയും മോട്ടോർ പമ്പ് സെറ്റ് വാങ്ങിയതിന് 14,190 രൂപ റെയ്ഡ്കോയ്ക്കും നൽകിയതായി കാണുന്നുണ്ട്. എന്നാൽ പ്രോജക്റ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചതായി ഫയലിൽ രേഖകളില്ല. പ്രോജക്റ്റിൽ വിഭാവനം ചെയ്തിരുന്ന ഈറ്റ, മുള എന്നിവയ്ക്ക് ജലസേചനം നടത്തുന്നതിനായി റെയ്ഡ്കോയിൽ നിന്ന് വാങ്ങിയ മോട്ടോർ പമ്പ് സെറ്റ് അമ്പലഭാഗം കുടിവെള്ള പദ്ധതിക്കായി നിർമ്മിച്ച കുളത്തിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിനായി പ്രസ്തുത പദ്ധതി കൺവീനർ ശ്രീ. വി. പി. മധു കൈപ്പറ്റിയതായുള്ള സമ്മതപത്രം (എഗ്രിമെന്റ്) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തീയതി വയ്ക്കാതെയാണ് പ്രസ്തുത സമ്മതപത്രം (എഗ്രിമെന്റ്) തയ്യാറാക്കിയിരിക്കുന്നത്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

16. പുറമ്പോക്ക് സ്ഥലത്ത് തേക്ക്, മുള എന്നിവ വച്ചുപിടിപ്പിക്കുന്നതിനും, തൈകൾ നനയ്ക്കുന്നതിന് ഡീസൽ പമ്പ് വാങ്ങുന്നതിനുമായി 32,090 രൂപ പഞ്ചായത്തിന് ചെലവായിട്ടുണ്ട്. എന്നാൽ പമ്പ് ഈ ആവശ്യത്തിന് ഉപയോഗിച്ചിട്ടില്ല. ഇപ്പോൾ പമ്പ് കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കുന്നുണ്ടെങ്കിലും ലക്ഷ്യബോധമില്ലാതെ ആവിഷ്കരിച്ച ഈ പദ്ധതി പരാജയപ്പെട്ടുവെന്നുള്ളത് വളരെ വ്യക്തമാണ്. ഈറ്റയും, മുളയും നനയ്ക്കുന്നതിനായി വാങ്ങിയ പമ്പ് സെറ്റ് കുടിവെള്ള പദ്ധതിയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിനായി ഉപയോഗിക്കുന്നുവെന്ന കാര്യം കണക്കിലെടുക്കുമ്പോൾ ഈറ്റയും മുളയും നട്ടിരുന്നുവോയെന്ന കാര്യത്തിൽ സ്വാഭാവികമായും സംശയം ഉയർന്നുവരാം. അതുപോലെ തന്നെ അമ്പലഭാഗം കുടിവെള്ള പദ്ധതിക്കായി മോട്ടോർ പമ്പ് സെറ്റ് കൺവീനർ ശ്രീ. വി. പി. മധുവിന് നൽകിയപ്പോൾ വർഷവും തീയതിയും കാണിക്കാതെ വാങ്ങിയിട്ടുള്ള സമ്മതപത്ര (എഗ്രിമെന്റ്) ത്തിന് നിയമപരമായ സാധുത ഉണ്ടോയെന്ന കാര്യവും സംശയാസ്പദമാണ്. വർഷവും തീയതിയും കാണിക്കാതെ എഗ്രിമെന്റ് വച്ചത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്നാണ് സമിതിയുടെ വിലയിരുത്തൽ. പ്രോജക്റ്റിനായി ചെലവഴിച്ച തുകയിൽ പമ്പ് സെറ്റ് വാങ്ങിയതിന് ചെലവഴിച്ചതൊഴികെയുള്ള തുക ലക്ഷ്യപ്രാപ്തി കൈവരിക്കത്തക്ക രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുമില്ല. എന്നിരുന്നാലും പ്രോജക്റ്റിനായി ചെലവഴിച്ച തുക സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിലും പമ്പ് സെറ്റ് കുടിവെള്ള പദ്ധതിയിൽ വെള്ളം പമ്പ് ചെയ്യുന്നതിനായി ഉപയോഗിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിലും പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്ത്

ആഡിറ്റ് ഖണ്ഡിക

മൃഗസംരക്ഷണം 1,18,133 രൂപയുടെ ചെലവിനെ സംബന്ധിക്കുന്ന രേഖകൾ ആഡിറ്റിന് ഹാജരാക്കിയില്ല.

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് തൻവർഷം 31-3-1999 വരെ 4,07,058 രൂപ കൊടുത്തിട്ടുണ്ട്. 1998-99-ലെ അവസാന ഗഡു 1,11,800 രൂപ സാമ്പത്തിക വർഷം കഴിഞ്ഞതിനുശേഷം മാത്രമാണ് വെറ്ററിനറി സർജന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്.

31-3-1999 വരെ മുൻബാക്കിയുൾപ്പെടെ 4,22,518 രൂപയിൽ 1,18,133 രൂപ ചെലവഴിച്ചതായി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെലവിനെ സാധൂകരിക്കുന്ന അനുബന്ധ രേഖകളൊന്നും ആഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 1,18,733 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ കാര്യം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും വെറ്ററിനറി സർജൻ വരുത്തിയ വീഴ്ചയിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക IV 73].

ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

17. "നിർവ്വഹണ ഉദ്യോഗസ്ഥനായ കൂട്ടുമുഖം വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി സർജൻ 1998-99 വർഷം പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും ചെലവഴിച്ച 1,18,133 രൂപയുടെ വൗച്ചറുകൾ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസ്തുത ഭാഗം അടക്കം 30-10-2001-ന് വെറ്ററിനറി സർജനു കത്തു നൽകുകയും ചെയ്തിരുന്നു. തുടർന്ന് 9-11-2001-ന് വെറ്ററിനറി സർജനോട് കത്തിലൂടെ 1998-99 വർഷത്തെ വൗച്ചറുകൾ നേരിട്ട് ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കുവാനും ആവശ്യപ്പെട്ടിരുന്നു എന്നുള്ള വിവരവും സമർപ്പിക്കുന്നു.

18. കൂടാതെ കേരള നിയമസഭാ സെക്രട്ടറിയുടെ 3-12-2004-ലെ 15834/ എൽ.എഫ്.എ.സി-1/04/ലെജി. നമ്പർ കത്ത് പ്രകാരം 15-12-2004-ന് ചേരുന്ന കേരള നിയമസഭാ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ യോഗത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരവും ബോധിപ്പിക്കുന്നു." (ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-12-2004-ലെ എ2-524/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

19. ഇത് 1998-99-ൽ ഇംപ്ലിമെന്റ് ചെയ്ത പ്രോജക്ടാണെന്നും മൂന്ന് പ്രോജക്ട് ഉണ്ടായിരുന്നെന്നും പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്തശേഷം തനിക്ക് സ്ഥലം മാറ്റമുണ്ടായെന്നും അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ വെളിപ്പെടുത്തി. പിന്നീട് വന്ന വെറ്ററിനറി സർജൻ (നിർവ്വഹണോദ്യോഗസ്ഥൻ) ഫയലുകൾ ആഡിറ്റിന് ഹാജരാക്കിയില്ലെന്നും 2002 നവംബർ മാസം ആഡിറ്റിന്

ഹാജരാക്കിയപ്പോൾ അതിനടുത്തവർഷം ആഡിറ്റ് ചെയ്യാമെന്നറിയിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് ലഭിച്ചെന്നും എന്നാൽ എല്ലാ വൗച്ചറുകളും ടിയാന്റെയും പിന്നീട് വന്ന വെറ്ററിനറി സർജന്റേയും സാന്നിദ്ധ്യത്തിൽ വെരിഫൈ ചെയ്ത് മാർക്ക് ചെയ്തിട്ടുണ്ടെന്നും നിലവിലെ വെറ്ററിനറി സർജനും ആഡിറ്റിന് ഫയൽ ഹാജരാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും സമിതിക്ക് മറുപടി നൽകുകയുണ്ടായി.

20. സമിതിയുടെ നിർദ്ദേശപ്രകാരം എൽ.എഫ്.എ. നടത്തിയ പുനഃ പരിശോധനയിൽ ആഡിറ്റ് തടസ്സം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ ആഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് 28-12-2004-ലെ കത്തുപ്രകാരം കണ്ണൂർ എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

21. ലോക്കൽ ഫണ്ട് ഡയറക്ടർ പരിശോധിച്ച് തടസ്സം ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നു.

### **മലപ്പട്ടം ഗ്രാമപഞ്ചായത്ത്**

ആഡിറ്റ് ഖണ്ഡിക

കൃഷി ഓഫീസർ ധനവിനിയോഗത്തിൽ ക്രമക്കേട്—1,07,864 രൂപ വിനിയോഗിച്ചിട്ടില്ല

കൃഷി ഓഫീസറുടെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് അനുവദിച്ച 3.5 ലക്ഷം രൂപയിൽ, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, 1,07,864 രൂപ 31-3-1999 നകം വിനിയോഗിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്നു. വിനിയോഗം ഉയർത്തിക്കാട്ടുന്നതിനായി 26-3-1999-ൽ 310967 നമ്പർ സെൽഫ് ചെക്ക് മുഖാന്തിരം 1,07,864 രൂപ പദ്ധതി അക്കൗണ്ടിൽ നിന്നും പിൻവലിക്കുകയും അതിൽ നിന്നും 68,000 രൂപ കൃഷി ഓഫീസറുടെ ട്രഷറി സേവിംഗ് ബാങ്കിൽ 30-3-1999-ൽ നിക്ഷേപിക്കുകയും ചെയ്തു. ബാക്കിയുള്ള തുക 31-3-1999-ന് ക്യാഷ് ബുക്കിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തി. മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റിയ തുക ക്യാഷ് നീക്കിയിരുപ്പ് മുതലായവ വിനിയോഗമായി കണക്കാക്കില്ലെന്ന് 1997-98-ലെ പദ്ധതി വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. 29-12-1998-ലെ ജി. ഒ. (പി) 3230/98/ധനകാര്യം ഉത്തരവിന് വിപരീതമായി പ്രവർത്തിച്ച ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കേണ്ടതാണ്. ആയതിനാൽ ധനവിനിയോഗത്തിൽ വന്ന ക്രമക്കേടുകൾ അന്വേഷണ വിധേയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക IV, 74].

ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

22. "മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ മലപ്പട്ടം ഗ്രാമപഞ്ചായത്ത്

കൃഷിഭവനിലെ കൃഷി ഓഫീസർക്ക് പ്രസ്തുത സാമ്പത്തിക വർഷത്തിൽ 3.5 ലക്ഷം രൂപ നൽകുകയുണ്ടായി. ടി വർഷത്തെ ഫണ്ടുകളുടെ ചെലവു സംബന്ധിച്ച് പരിശോധന നടത്തിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട്-III ഖണ്ഡിക (32) ന്റെ പകർപ്പ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഈ ഓഫീസിൽ നിന്നും 16-5-2001-ന് നേരിട്ട് കൈപ്പറ്റിയിരിക്കുന്നതായി ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സ്വീകരിച്ച നടപടിക്രമങ്ങൾ ഒന്നും തന്നെ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്തു കാണുന്നില്ല.

23. 15-12-2004-ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മീറ്റിംഗിൽ ഹാജരാവുന്നതിനുള്ള അറിയിപ്പ് ഈ ഓഫീസിൽ നിന്നും 7-12-2004-ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഉദയഗിരി ഗ്രാമപഞ്ചായത്ത് കൃഷിഭവനിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു." (മലപ്പട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-12-2004-ലെ എ1-615/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

24. പച്ചക്കറി വിതരണം ചെയ്തത് സംബന്ധിച്ച് 13-12-2004-ന് നിലവിലുള്ള കൃഷി ഓഫീസർ ഒരു സ്റ്റേറ്റ്മെന്റ് തന്നിട്ടുണ്ടെന്നും എന്നാൽ അത് പരിശോധിച്ചിട്ടില്ലെന്നും 15-12-2004-ലെ സമിതി യോഗത്തിൽ മലപ്പട്ടം ഗ്രമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത സ്റ്റേറ്റ്മെന്റിന്റെ പകർപ്പുകൂടി സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

25. മഹിളകൾ കൂട്ടായി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണിതെന്നും മോണിട്ടറിംഗ് റിപ്പോർട്ട് കിട്ടിയത് മാർച്ച് അവസാനമാണെന്നും ആകെ 7 പ്രോജക്ടുകൾ ഉണ്ടെന്നും 7 പ്രോജക്ടുകൾക്കും പഞ്ചായത്തിന്റെ അനുമതി കിട്ടിയതാണെന്നും നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ സമിതി മുമ്പാകെ തെളിവു നൽകി.

26. 350 പേരും പണം സ്വീകരിച്ചതാണോയെന്ന് സമിതി ആരാഞ്ഞതിന് 350 ഗുണഭോക്താക്കളും പണം സ്വീകരിച്ചതായ രസീത് ഉണ്ടെന്നും വനിതകൾ ഗ്രൂപ്പായി പച്ചക്കറികൃഷി ചെയ്തതിനുശേഷം ആ പച്ചക്കറികൾക്ക് പന്തൽ ഇടാൻ ധനസഹായം നൽകുന്ന പദ്ധതിയാണെന്നും തുടക്കത്തിൽ വിത്തും വളവും കൊടുത്തുവെന്നും വാർഡ് വികസന ജനകീയ സമിതികൾ നഴ്സറിയുണ്ടാക്കുകയും, അതിനുള്ള ചെലവ് പണമായി വാർഡ് വികസന സമിതികൾക്കാണ് കൊടുത്തതെന്നും 425 പേർക്ക് മാർച്ച് 31-നു മുമ്പ് തുക കൊടുത്തു തീർക്കാൻ കഴിയാത്തതുകൊണ്ട് 68,000 രൂപ റ്റി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചുവെന്നും, ചെക്കായി ഏപ്രിലിൽ വിതരണം ചെയ്തുവെന്നും, പദ്ധതി മുഴുവൻ മാർച്ചിൽതന്നെ പൂർത്തീകരിച്ചുവെന്നും എല്ലാത്തിനും പഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ തെളിവ് നൽകി. നിർവ്വഹണ ഉദ്യോഗസ്ഥൻ ആഡിറ്റ് നടപടികളെ സംബന്ധിച്ചുള്ള നടപടിക്രമങ്ങളൊന്നും റിപ്പോർട്ട് ചെയ്യാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരായുകയുണ്ടായി. ടിയാൻ മലപ്പട്ടത്തു നിന്ന് സ്ഥലം മാറിപ്പോയെന്നും, ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ ഹാജരാകണമെന്ന് കാണിച്ച് മലപ്പട്ടം

ഗ്രാമപഞ്ചായത്തിൽ നിന്നും അയച്ച കത്ത് കൈപ്പറ്റിയെങ്കിലും ലീവിലായിരുന്നതു കൊണ്ട് വരാൻ കഴിഞ്ഞില്ലെന്നും കൃഷി ഓഫീസർ (ഉദയഗിരി) സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച ഫയലുകളും പഴയ രസീതുകളും 425 കർഷകർക്ക് ക്യാഷ് കൊടുത്തതിന്റെ രസീതുൾപ്പെടെയുള്ള രേഖകളും ഫയലും ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

27. 6-1-2005-ലെ സമിതി തീരുമാനപ്രകാരം ലോക്കൽഫണ്ട് ഡയറക്ടർ നല്കിയ പരിശോധനാ റിപ്പോർട്ടിൽ (28-12-2004-ലെ എൽ.എഫ്. സി3/1939/04/നമ്പർ കത്ത്) സെൽഫ് ചെക്ക് എഴുതി പദ്ധതിപ്പണം പിൻവലിച്ചത് സംബന്ധിച്ച കൃഷി ഓഫീസറുടെ വിശദീകരണ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ഓഡിറ്റ് തടസ്സം നീക്കുന്നതിന് പരിഗണനാർഹമാണെന്നും അറിയിക്കുകയുമുണ്ടായി.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

28. സെൽഫ് ചെക്കെഴുതി പിൻവലിച്ച തുകയും പണമായി കൈവശം സൂക്ഷിച്ചതും ഉൾപ്പെടെയുള്ള തുക ഗുണഭോക്താക്കൾക്ക് പണമായി വിതരണം ചെയ്തിട്ടുണ്ടെന്നും, ഇതു സംബന്ധിച്ച കൃഷി ഓഫീസറുടെ വിശദീകരണം തൃപ്തികരമാണെന്നും അറിയിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങളിലാണ് വീഴ്ചയുണ്ടായിരിക്കുന്നതെന്ന് വ്യക്തമാണ്. ഓഡിറ്റ് തടസ്സം നീക്കുന്നതിന് ശുപാർശ ചെയ്യുന്നതോടൊപ്പം ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകളുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും സിമിതി ശുപാർശ ചെയ്യുന്നു.

### പേരാവൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം—ക്രമക്കേടുകൾ

പേരാവൂർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഏഴു പദ്ധതികളിൽ ഗുണഭോക്താക്കളുടെ ലിസ്റ്റിനെ മറികടന്ന് അനർഹരായ വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകിയതായും അതുവഴി ഭീമമായ സാമ്പത്തിക ദുർവിനിയോഗം നടത്തിയതായും ആഡിറ്റിൽ ബോധ്യപ്പെട്ടിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) ഓലപ്പുര ഓടുമേയൽ പദ്ധതി

ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റിൽപ്പെടാത്ത 5 പേർക്ക് 5,000 രൂപ വീതം നൽകി. ഈ ഇനത്തിൽ 25,000 രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

(ബി) പമ്പ് സെറ്റ് സബ്സിഡി വിതരണം

ഗുണഭോക്താക്കളുടെ 10 പേരുള്ള ലിസ്റ്റ് തയ്യാറാക്കിയെങ്കിലും ഈ ലിസ്റ്റിൽ വരാത്ത 6 പേർക്ക് സബ്സിഡി അനുവദിച്ച 15,000 രൂപ ആഡിറ്റ് നിരാകരിക്കുന്നു.

(സി) കിണർ ജലസേചനം

9 പേരുണ്ടായിരുന്ന ഗുണഭോക്തൃ ലിസ്റ്റിനെ അവഗണിച്ച് ലിസ്റ്റിൽ ഉൾപ്പെടുകയോ ഗ്രാമസഭയോ പഞ്ചായത്തോ തെരഞ്ഞെടുക്കാത്ത 5 പേർക്ക് പണം നൽകി. ഈ ഇനത്തിൽ 12,500 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ഡി) ക്ഷീര വികസന പദ്ധതികൾ

പഞ്ചായത്ത് കമ്മിറ്റിയോ ഗ്രാമസഭയോ തെരഞ്ഞെടുക്കാത്ത 8 പേർക്കും ലിസ്റ്റിലെ 17 പേർക്കുമാണ് ധനസഹായം നൽകിയത്. ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ 32,000 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ഇ) പശു വിതരണം (ജനറൽ)

44 പേർക്ക് 4000 രൂപ വീതം നൽകുന്ന പദ്ധതിയിൽ 64 പേരെ ഗുണഭോക്താക്കളായും തെരഞ്ഞെടുത്തു. എന്നാൽ ലിസ്റ്റിലെ 30 പേർക്കും, ഒരു വിധത്തിലും തെരഞ്ഞെടുക്കാത്ത 14 പേർക്കുമാണ് സഹായം നൽകിയത്. ഗ്രാമസഭയോ, പഞ്ചായത്തോ തെരഞ്ഞെടുക്കാത്ത 14 പേർക്ക് നൽകിയ 56,000 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

(എഫ്) ആടു വിതരണം (പട്ടികവർഗ്ഗം)

50 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആടിനെ നൽകാനുള്ള പദ്ധതിയിൽ 16 പേരെ മാത്രമേ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുള്ളൂ. എന്നാൽ 50 പേർക്ക് 1000 രൂപ വീതം ധനസഹായം നൽകി ഗുണഭോക്തൃ ലിസ്റ്റിലെ 16 പേരിൽ 3 പേർക്ക് മാത്രമാണ് ധനസഹായം നൽകിയത്. ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടാത്ത 47 പേരുടെ സഹായധനമായ 47,000 രൂപ അംഗീകരിക്കുന്നില്ല.

(ജി) കക്കൂസ്, കിണർ നിർമ്മാണം

പേരാവൂർ, വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായ 4 പ്രോജക്ടുകളിൽ (കക്കൂസ് ജനറൽ, കിണർ ജനറൽ, കക്കൂസ് പട്ടികജാതി, കക്കൂസ് പട്ടികവർഗ്ഗം) തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്തവരും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാത്തവരുമായ 58 പേർക്ക് നൽകിയ 1,19,000 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽപ്പറഞ്ഞ 7 പദ്ധതികളിലായി അനർഹരായവരും ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്തവരുമായവർക്ക് സാമ്പത്തികസഹായം നൽകുക വഴി 3,06,500 രൂപ ദുർവിനിയോഗം ചെയ്തിരിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക IV 75]

ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

29. "1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പാരാ നമ്പർ 25-ബി-യിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഓഫീസറായ ശ്രീ. കെ. രാജൻ, വി.ഇ.ഒ. എന്നവർക്ക് നോട്ടീസ് നൽകുകയും അതുപ്രകാരം ടിയാനിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പഞ്ചായത്ത് അംഗീകരിക്കാത്ത ലിസ്റ്റിൽ നിന്നും 5 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്നതാണ് തടസ്സം. എന്നാൽ 5 പേരും 1999 ഒക്ടോബർ മാസങ്ങളിൽ നടന്ന ഗ്രാമസഭകൾ അംഗീകരിച്ചിട്ടുള്ളവരാണ്. ഓഡിറ്റ് പരിശോധനാ വേളയിൽ ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ വിട്ടുപോയതാണ്. ഈ വസ്തുതകൾ വിശദീകരിച്ചുകൊണ്ട്

ശ്രീ. രാജൻ സമർപ്പിച്ച മറുപടി പഞ്ചായത്തിന്റെ 19-9-2003-ലെ 135/03 തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തടസ്സം ഒഴിവാക്കുന്നതിന് ഗവൺമെന്റിനോട് അപേക്ഷിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനിടെ ശ്രീ. രാജന്റെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് നടപടിക്ക് ശുപാർശ ചെയ്തതിനാൽ പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് സമർപ്പിക്കാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച മറുപടി 10-8-2004-ന് ശ്രീ. രാജൻ ലോക്കൽഫണ്ട് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ നടപടി ആയിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പാരാ നമ്പർ 25-സി-യിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഓഫീസറായ ശ്രീമതി ഇന്ദിര എ. ജി. (വി. ഇ. ഒ.) എന്നവർക്ക് നോട്ടീസ് നൽകുകയും അതുപ്രകാരം ടിയാനിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പഞ്ചായത്ത് അംഗീകരിക്കാത്ത ലിസ്റ്റിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട് എന്നതാണ് തടസ്സം ഉന്നയിച്ചിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ ധനസഹായങ്ങൾ കൈപ്പറ്റിയത് എല്ലാം തന്നെ 1999 ഒക്ടോബർ മാസത്തിൽ നടന്ന ഗ്രാമസഭ അംഗീകരിച്ചിട്ടുള്ളവരാണ്. ഓഡിറ്റു പരിശോധനാ വേളയിൽ ആ കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ വിട്ടുപോയതാണ്. ഈ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ശ്രീമതി എ. ജി. ഇന്ദിര സമർപ്പിച്ച മറുപടി പഞ്ചായത്തിന്റെ 19-9-2003-ലെ 134/03 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തടസ്സം ഒഴിവാക്കുന്നതിന് ഗവൺമെന്റിനോട് അപേക്ഷിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനിടയിൽ ശ്രീമതി എ. ജി. ഇന്ദിരയുടെ പേരിൽ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് നടപടിക്ക് ശുപാർശ ചെയ്തതിനാൽ പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് അയയ്ക്കാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച മറുപടി 10-8-2004 ശ്രീമതി എ. ജി. ഇന്ദിര ലോക്കൽ ഫണ്ട് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ നടപടി ആയിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

30. 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പാരാ നമ്പർ 25-ഇ-യിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥയായ ശ്രീമതി ആർ. ലത (കൃഷി ഓഫീസർ) എന്നവർക്ക് നോട്ടീസ് നൽകുകയും ആയത് പ്രകാരം ടിയാളിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പഞ്ചായത്ത് അംഗീകരിക്കാത്ത ലിസ്റ്റിൽ നിന്നും പമ്പ് സെറ്റ് വാങ്ങുന്നതിന് ധനസഹായം നൽകി എന്നാണ് തടസ്സം ഉന്നയിച്ചിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ ധനസഹായം കൈപ്പറ്റിയവർ എല്ലാം തന്നെ 1999 ഒക്ടോബർ മാസത്തിൽ നടന്ന ഗ്രാമസഭകളിൽ അംഗീകരിച്ചിട്ടുള്ളവരാണ്.

31. ഓഡിറ്റ് പരിശോധനാ വേളയിൽ ഈ കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ വിട്ടുപോയതാണ്. ഈ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ശ്രീമതി ലത സമർപ്പിച്ച മറുപടി പഞ്ചായത്തിന്റെ 19-9-2003-ലെ 136/03 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തടസ്സം ഒഴിവാക്കിത്തരുന്നതിന് ഗവൺമെന്റിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിനിടയിൽ ശ്രീമതി ലതയുടെ പേരിൽ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ സർചാർജ് നടപടിക്ക് ശുപാർശ ചെയ്തതിനാൽ പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് അയയ്ക്കാൻ കഴിഞ്ഞിട്ടില്ല. സർചാർജ്ജ് നടപടിയിന്മേൽ ശ്രീമതി ലത ലോക്കൽഫണ്ട്

ഡയറക്ടർക്ക് സമർപ്പിച്ച മറുപടിയിന്മേൽ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ എന്നവർ ബന്ധപ്പെട്ട ഗ്രാമസഭാ തീരുമാനങ്ങളും മറ്റും 14-5-2004-ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ലോക്കൽഫണ്ട് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച അനന്തര നടപടികൾ അയച്ചു തന്നിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 25 F ലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി ആർ. ലത (കൃഷി ഓഫീസർ) എന്നവർക്ക് നോട്ടീസ് നല്കുകയും ടിയാളിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൾ പഞ്ചായത്ത് അംഗീകരിക്കാത്ത ലിസ്റ്റിൽ നിന്നും ജലസേചന കിണർ കുഴിക്കുന്നതിന് ധനസഹായം നൽകി എന്നാണ് തടസ്സം ഉന്നയിച്ചിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ ധനസഹായം കൈപ്പറ്റിയവർ എല്ലാംതന്നെ 1999 ഒക്ടോബർ മാസത്തിൽ നടന്ന ഗ്രാമസഭകളിൽ അംഗീകരിച്ചിട്ടുള്ളവരാണ്. ഓഡിറ്റ് പരിശോധനാ വേളയിൽ ഈ കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ വിട്ടുപോയതാണ്. ഈ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ശ്രീമതി ആർ. ലത സമർപ്പിച്ച മറുപടി പഞ്ചായത്തിന്റെ 19-9-2003-ലെ 137/03 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തടസ്സം ഒഴിവാക്കിതരുന്നതിന് ഗവൺമെന്റിനോട് അപേക്ഷിക്കാനും തീരുമാനിച്ചിരുന്നു. ഇതിനിടയിൽ ശ്രീമതി ലതയുടെ പേരിൽ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് നടപടിക്ക് ശുപാർശ ചെയ്തതിനാൽ പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് അയയ്ക്കുവാൻ കഴിഞ്ഞില്ല. സർച്ചാർജ് നോട്ടീസിൽ ശ്രീമതി.ലത സമർപ്പിച്ച മറുപടി പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ അവർകൾ 14-5-2004-ന് ബന്ധപ്പെട്ട ഗ്രാമസഭ തീരുമാനങ്ങളും മറ്റും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ലോക്കൽ ഫണ്ട് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച അനന്തര നടപടികൾ അറിയിച്ചു തന്നിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

32. 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 25 G(1)-ലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. തമ്പി മാത്യൂ (ക്ഷീരവികസന ഓഫീസർ) എന്നവർക്ക് നോട്ടീസ് നൽകുകയും ടിയാനിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പഞ്ചായത്ത് അംഗീകരിക്കാത്ത ലിസ്റ്റിൽ നിന്നും കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകി എന്നാണ് തടസ്സം ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ധനസഹായം കൈപ്പറ്റിയവർ എല്ലാം തന്നെ 1999 ഒക്ടോബർ മാസത്തിൽ നടന്ന ഗ്രാമസഭകളിൽ അംഗീകരിച്ചിട്ടുള്ളവരാണ്. ഓഡിറ്റ് പരിശോധന വേളയിൽ ഈ കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ വിട്ടുപോയതാണ്. ഈ വസ്തുതകൾ വിശദികരിച്ചുകൊണ്ട് ശ്രീ. തമ്പി മാത്യൂ സമർപ്പിച്ച മറുപടി പഞ്ചായത്തിന്റെ 19-9-2003-ലെ 138/2003 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തടസ്സം ഒഴിവാക്കി തരുന്നതിന് ഗവൺമെന്റിനോട് അപേക്ഷിക്കുവാനും തീരുമാനിച്ചിരുന്നു ഇതിനിടയിൽ ശ്രീ. തമ്പി മാത്യൂവിന്റെ പേരിൽ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ്ജ് നടപടിക്ക് ശുപാർശ ചെയ്തതിനാൽ പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് അയയ്ക്കാൻ കഴിഞ്ഞില്ല. സർച്ചാർജ്ജ് നോട്ടീസിന് ശ്രീ. തമ്പി മാത്യൂ 30-6-2004-ന് നൽകിയ മറുപടി പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ അവർകൾ ബന്ധപ്പെട്ട

രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 4-8-2004-ലെ കണ്ണൂർ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.സി. 10/1029/2004 നമ്പർ കത്ത് പ്രകാരം ശ്രീ. തമ്പി മാത്യൂവിന് എതിരായ തടസ്സങ്ങൾ ഒഴിവാക്കിക്കൊടുക്കുന്നതിന് ലോക്കൽ ഫണ്ട് ഡയറക്ടർ അവർകൾക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അനന്തര നടപടികൾ സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടില്ലെന്ന വിവരം ബോധിപ്പിക്കുന്നു. എന്നാൽ മേൽ തടസ്സം ഒഴിവാക്കിക്കൊണ്ടുള്ള കത്ത് ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഓഫീസറായ തമ്പി മത്യൂവിന് ലഭിച്ചിട്ടുണ്ടെന്ന വിവരം ഓർമ്മിപ്പിക്കുന്നു.

33. 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 25 G (3)-ലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. തമ്പി മാത്യൂ (ക്ഷീര വികസന ഓഫീസർ) എന്നവർക്ക് നോട്ടീസ് നല്കുകയും ടിയാളിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പഞ്ചായത്ത് അംഗീകരിക്കാത്ത ലിസ്റ്റിൽ നിന്നും പശുവളർത്തുന്നതിന് ധനസഹായം നല്കി എന്നാണ് തടസ്സം ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ധനസഹായം കൈപ്പറ്റിയവരെ എല്ലാം തന്നെ 1999 ഒക്ടോബർ മാസത്തിൽ നടന്ന ഗ്രാമസഭകളിൽ അംഗീകരിച്ചിട്ടുള്ളവരാണ്. ഓഡിറ്റ് പരിശോധനവേളയിൽ ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ വിട്ടുപോയതാണ്. ഈ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് ശ്രീ. തമ്പി മാത്യൂ സമർപ്പിച്ച മറുപടി പഞ്ചായത്തിന്റെ 19-9-2003-ലെ 139/03 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തടസ്സം ഒഴിവാക്കിതരുന്നതിന് ഗവൺമെന്റിനോട് അപേക്ഷിക്കാനും തീരുമാനിച്ചിരുന്നു. ഇതിനിടയിൽ ശ്രീ. തമ്പി മാത്യൂവിന്റെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് നടപടിക്ക് ശുപാർശ ചെയ്തതിനാൽ പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് അയയ്ക്കാൻ കഴിഞ്ഞില്ല. സർച്ചാർജ് നോട്ടീസിന് ശ്രീ. തമ്പി മാത്യൂ 30-6-2004-ന് നല്കിയ മറുപടി പ്രകാരം ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ അവർകൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 4-8-2004-ലെ കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.സി10/1029/04 നമ്പർ കത്തു പ്രകാരം ശ്രീ. തമ്പി മാത്യൂവിനെതിരായ തടസ്സങ്ങൾ ഒഴിവാക്കിക്കൊടുക്കുന്നതിന് ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ അവർകൾക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അനന്തര നടപടികൾ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ലെന്ന വിവരം ബോധിപ്പിക്കുന്നു. എന്നാൽ മേൽ തടസ്സം ഒഴിവാക്കിക്കൊണ്ടുള്ള കത്ത് ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഓഫീസറായ തമ്പി മാത്യൂവിന് ലഭിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

34. 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പാരാ നമ്പർ 25 H-ൽ ഉന്നയിച്ച തടസ്സം സംബന്ധിച്ച് ആയതിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. സി. സി. ജോൺ, സീനിയർ വെറ്ററിനറി സർജൻ എന്നവരോട് വിശദീകരണം ആവശ്യപ്പെടുകയും ടിയാൻ മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭയിൽ അംഗീകരിച്ച 16 പേരുടെ ലിസ്റ്റിൽ മുൻപേ ആനുകൂല്യം ലഭിച്ചവർ ഉൾപ്പെട്ടിട്ടുള്ളതിനാൽ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുവേണ്ടി ഊരുകൂട്ടം വിളിച്ചുകൂട്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ തീരുമാനിക്കുകയും അപ്രകാരം ഊരുകൂട്ടം വിളിച്ചുകൂട്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നാണ് 50 പേർക്ക് ആടിനെ നൽകിയത്. ഊരുകൂട്ടം വിളിച്ചു ചേർത്തത് സംബന്ധിച്ച് രജിസ്റ്റർ ഓഡിറ്റ് സമയത്ത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ വിട്ടുപോയതായിരുന്നു. ഊരുകൂട്ടം വിളിച്ചുചേർത്ത പ്രകാരം തീരുമാനിച്ച ലിസ്റ്റിൽ നിന്ന് തന്നെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഈ വസ്തുതകൾ പഞ്ചായത്തിന് പൂർണ്ണമായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ 1998-99 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 25(H)ൽ അംഗീകരിക്കാത്തതായ ചെലവ് 47,000 രൂപ അംഗീകരിച്ചു തരുന്നതിനും തടസ്സങ്ങൾ ഒഴിവാക്കിക്കൊടുക്കുന്നതിനും കേരള സർക്കാരിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്തതിനാൽ പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിക്കുവാൻ കഴിഞ്ഞില്ലെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു."

[പേരാവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 8-12-2004-ലെ എ.1-1165/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

## നിഗമനങ്ങൾ/ശുപാർശകൾ

35. പേരാവൂർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണം ഏഴു പദ്ധതികളിലായി ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത അനർഹരായവർക്ക് സാമ്പത്തിക സഹായം നൽകി എന്നതു സംബന്ധിച്ച് ഖണ്ഡിക 25 എ മുതൽ ജി വരെയുള്ള തടസ്സങ്ങൾ ഒഴിവാക്കാവുന്നതാണെന്ന ആഡിറ്റ് വകുപ്പിന്റെ നിർദ്ദേശം സമിതി അംഗീകരിക്കുന്നു. എങ്കിലും സമിതി മുമ്പാകെ വന്ന ഓഡിറ്റ് പരാമർശമായതുകൊണ്ട് ബന്ധപ്പെട്ട ഫയലുകളും ഉദ്യോഗസ്ഥരുടെ മറുപടികളും ലോക്കൽ ഫണ്ട് ആഡിറ്റ് കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ വിശദമായി പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാമോ എന്നതു സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും ആയതിന്റെ റിപ്പോർട്ട് സമിതിക്ക് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### ചെറുതാഴം ഗ്രാമപഞ്ചായത്ത് (1999-2000)

ആഡിറ്റ് ഖണ്ഡിക

പോഷകാഹാരം വിതരണം—പാഴ്ച്ചെലവ്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ അംഗൻവാടികളിലെയും ശിശുമന്ദിരങ്ങളിലെയും കുട്ടികൾക്ക് പോഷകാഹാര വിതരണം ചെയ്യുകയുണ്ടായി. ഇതിനുവേണ്ടി അരി, പാൽ, പയർ, പലവ്യഞ്ജനങ്ങൾ, വിറക് എന്നിവ ആവശ്യത്തിൽ കൂടുതൽ വാങ്ങുകയും വിതരണം നടത്തുകയും ചെയ്യുക വഴി പദ്ധതിപ്പണം വൻതോതിൽ പാഴ്ച്ചെലവ് നടത്തിയതായി കാണുന്നു. ഈ ഇനത്തിൽ തുക ചെലവഴിച്ചപ്പോൾ കുട്ടികളുടെ ഹാജർനില, ഓരോ ആഴ്ചയിലും നൽകേണ്ട പോഷകാഹാരത്തിന്റെ അളവ്, സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനങ്ങളുടെ ബില്ല് എന്നിവയുടെ കൃത്യത കണക്കിലെടുത്തതായി കാണുന്നില്ല. ശരിയായ ഒരു മോണിറ്ററിംഗ് സംവിധാനത്തിന്റെ കുറവും ഈ പ്രോജക്ടിൽ പദ്ധതിപ്പണം പാഴാവാൻ ഇടയാക്കിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V, 13(2)]

## ആഡിറ്റ് ഖണ്ഡികയിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

36. "1999–2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 30 (എ) അംഗനവാടികൾക്ക് പാൽ വിതരണം, (ബി) പോഷകാഹാര പരിപാടി എന്നിവയിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രീമതി സി. ഉഷാവതി എന്നവർക്ക് നടപടിയാവശ്യപ്പെട്ടു ഈ ആഫീസിൽ നിന്ന് 9–12–2002–ന് എ2–15/98 നമ്പരായി കത്ത് നൽകിയിരുന്നു. ഖണ്ഡിക 30 (എ) യിൽ 9676.80 രൂപ തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശിച്ചിരുന്ന ഖണ്ഡിക 30 (ബി) യിൽ 20301.75 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ ആഫീസിൽ നിന്നയച്ച കത്തിന് ശ്രീമതി ഉഷാവതി 12–5–2003–ന് മറുപടി സമർപ്പിച്ചിരുന്നു. പ്രസ്തുത മറുപടി കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിഗണനയ്ക്ക് ഈ ആഫീസിൽ നിന്ന് 5–6–2003–ന് അയച്ചുകൊടുത്തിരുന്നു. ഐ.സി.ഡി.എസ്. സൂപ്പർവൈസർ സമർപ്പിച്ച മറുപടിയിൽ താഴെ പറയുന്ന കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്:

(1) അംഗനവാടികളിൽ പാൽ വിതരണ പ്രോജക്ടിന് അംഗീകാരം ലഭിക്കാൻ താമസിച്ചതിനാൽ ആഗസ്റ്റ് മാസം മുതൽ മാത്രമേ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടുള്ളൂ. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി പ്രോജക്ടിൽ പറഞ്ഞതിൽനിന്നും അധികമായി പാൽ നൽകുന്ന ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചിരുന്നു.

(2) പദ്ധതി തുടങ്ങാൻ വൈകിയ സാഹചര്യത്തിൽ ഫെബ്രുവരിയിൽ എല്ലാ ദിവസവും മാർച്ച് മാസത്തിൽ കുറേ ദിവസങ്ങളിലും പാൽ വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. മാർച്ച് മാസത്തിൽ 2 ദിവസം വിതരണം ചെയ്ത പാലിന്റെ കണക്കുകൂടി ഫെബ്രുവരി മാസത്തിൽ ഉൾപ്പെടുത്തിയാണ് സഹകരണ സംഘം സ്റ്റേറ്റ്മെന്റ് നൽകിയത്.

(3) ഡിസംബർ മാസത്തിൽ അധികമായി നൽകിയ തുക തിരിച്ചടയ്ക്കാനാവശ്യപ്പെട്ട് സഹകരണ സംഘത്തിന് നൽകിയ കത്തിനുള്ള മറുപടി സമർപ്പിച്ചിട്ടുണ്ട്.

(4) അംഗനവാടികളിൽ ഉപയോഗിച്ച അരിയുടെ കണക്ക് ഓഡിറ്റ് പരിശോധന സമയത്ത് ഹാജരാക്കുവാൻ സാധിച്ചിട്ടില്ല. ആയത് സമർപ്പിക്കുന്നു.

(5) ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിന് സ്ഥലസൗകര്യമില്ലാത്ത അംഗനവാടികളിൽ കുറച്ചു മാത്രം സാധനങ്ങൾ ഇറക്കാറുള്ളൂ. ആവശ്യമായ ഭക്ഷണസാധനങ്ങൾ തൊട്ടടുത്ത കേന്ദ്രങ്ങളിൽ ഇറക്കി സൂക്ഷിച്ച് ആവശ്യമനുസരിച്ചു കൊണ്ടുപോയി ഉപയോഗിക്കുകയാണ് ചെയ്തുവന്നിരിക്കുന്നത്.

37. രണ്ടാമതൊരു മറുപടി കൂടി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. ആയത് 14–8–2003–ന് ഈ ആഫീസിൽ നിന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

38. ഈ ആഫീസിൽ നിന്നും 7–12–2002–ന് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിന്മേൽ 4–6–2003–ന് എൽ.എഫ്.സി.14–1195/02 നമ്പരായി പുനരഭിപ്രായങ്ങൾ ലഭിച്ചിട്ടുണ്ട്.

39. ആയതിൽ 30 (എ) ഖണ്ഡികയ്ക്ക് സർചാർജ് നടപടികൾക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് ശുപാർശ ചെയ്തിട്ടുണ്ട് എന്നും 30 (ബി) വ്യക്തമായ മറുപടി സമർപ്പിക്കേണ്ടതാണ് എന്നും പരാമർശിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. ഇതു സംബന്ധിച്ച് ഈ ആഫീസിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് 5-7-2003-ന് മറുപടി ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ആയതിന് 8-12-2004-ന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ പാൽ വിതരണം ചെയ്തതും അരി, പയർ എന്നിവ വിതരണം ചെയ്തതും സംബന്ധിച്ച വ്യക്തമായ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് പരിശോധനയ്ക്ക് വിധേയമാക്കാൻ അവസരം തരികയാണെങ്കിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഹാജരായ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചു മാത്രമേ പാൽ വിതരണം ചെയ്തിട്ടുള്ളൂ എന്നറിയിച്ചിട്ടുണ്ട്. മാർച്ച് മാസത്തിൽ വാങ്ങിയ അരിയും പയറും തുടർന്നുള്ള മാസങ്ങളിൽ വിതരണം ചെയ്തിട്ടുണ്ടെന്നും, ആയത് സംബന്ധിച്ച എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കാൻ സാധിച്ചിട്ടില്ലെന്നും ഇനി ഒരവസരം തരികയാണെങ്കിൽ പരിശോധനാവിധേയമാക്കുന്നതാണെന്നുകൂടി അറിയിച്ചിട്ടുണ്ട്.

40. മേൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിന്മേൽ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നും ബോധിപ്പിക്കുന്നു. മേൽ റിപ്പോർട്ട് അനുകൂല പരിഗണനയ്ക്ക് സമർപ്പിക്കുന്നു."

[ചെറുതാഴം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-12-2004-ലെ എ-1467/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

## നിഗമനങ്ങൾ/ശുപാർശകൾ

41. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ മറുപടി പഞ്ചായത്ത് സെക്രട്ടറി ലോക്കൽ ഫണ്ട് ആഡിറ്റിന് യഥാസമയം നൽകാതിരുന്നതുകൊണ്ടാണ് സർചാർജ് നടപടികളിലേക്ക് കടക്കേണ്ടി വന്നത്. ഈ ആഡിറ്റ് ഖണ്ഡികയെ സംബന്ധിക്കുന്ന എല്ലാ ഫയലുകളും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പഞ്ചായത്തു തീരുമാനവും ആഡിറ്റിന് അടിയന്തിരമായി നൽകണമെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സർചാർജ് നടപടികൾ ഒഴിവാക്കുന്നതുൾപ്പെടെയുള്ള കാര്യം പരിശോധിച്ച് തീരുമാനമെടുത്ത് അക്കാര്യം സമിതിയെ അറിയിക്കണമെന്നും ശുപാർശ ചെയ്യുന്നു.

**കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് (1999-2000)**

ആഡിറ്റ് ഖണ്ഡിക

### മൃഗാശുപത്രിക്കും കൃഷിഭവനും കെട്ടിടനിർമ്മാണം—പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയില്ല

5,14,500 രൂപയുടെ അടങ്കലിൽ കുറുമാത്തൂർ കൃഷിഭവനും മൃഗാശുപത്രിക്കും കെട്ടിടം പണിയുന്നതിന് ടെന്റർ ക്ഷണിക്കുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5% അധികനിരക്ക് ഓഫർ ചെയ്ത കുറുമാത്തൂർ പഞ്ചായത്ത് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെൻഡർ എസ്റ്റിമേറ്റ് നിരക്കിൽ സ്വീകരിക്കാൻ സർക്കാർ അനുമതി നൽകുകയും ചെയ്തു. ടെൻഡർ വ്യവസ്ഥയിൽ എസ്റ്റിമേറ്റ്

നിരക്കിൽ പണി ഏറ്റെടുക്കാൻ ടി സൊസൈറ്റി വിസമ്മതിച്ചു. ഗുണഭോക്തൃ സമിതികൾ പണികൾ ഏറ്റെടുത്തു നടത്തുന്ന വ്യവസ്ഥയിൽ (4 മാസത്തിനകം പണികൾ പൂർത്തീകരിക്കണം എന്ന കരാറിൽ) ടി സൊസൈറ്റിയെ പഞ്ചായത്ത് പ്രവൃത്തി ഏല്പിച്ചു. നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തുകൊണ്ട് 22-2-2000-ൽ സൊസൈറ്റി കരാർ ഒപ്പുവച്ചിരുന്നെങ്കിലും 15 മാസങ്ങൾക്കുശേഷവും പണി പൂർത്തിയാക്കിയിട്ടില്ല. കൂടാതെ ഒറ്റ പ്രവൃത്തിയായി ടെൻഡർ ചെയ്തിരുന്നെങ്കിലും പ്രത്യേകം പ്രത്യേകം പ്രവൃത്തികളായി കണക്കാക്കി ഒരേ സമയം രണ്ട് ഗഡു മൊബിലൈസേഷൻ അഡ്വാൻസും കൈപ്പറ്റി 5,14,500 രൂപയ്ക്ക് അനുവദനീയമായ മൊബിലൈസേഷൻ അഡ്വാൻസ് പരമാവധി 1,00,000 രൂപയാണെന്നിരിക്കെ 1,28,450 രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ 28,450 രൂപ പലിശ സഹിതം വസൂൽ ചെയ്യേണ്ടതാണ്. പ്രവൃത്തി ഏറ്റെടുത്ത് ഒന്നരവർഷമായിട്ടും പണി പൂർത്തിയാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനത്തിലധികം തുക സംഘം കൈപ്പറ്റുകയും ചെയ്തു. കാലതാമസംമൂലം ഉണ്ടായേക്കാവുന്ന അധികചെലവ് അംഗീകരിക്കാൻ സാധ്യമല്ല. പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V13(3) (i)].

<u>ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി</u>

42. മൃഗാശുപത്രിയും കൃഷിഭവനും കെട്ടിട സമുച്ചയത്തിന്റെ പ്രവൃത്തി പൂർത്തിയാക്കുകയും 23-9-2002 മുതൽ രണ്ടു ഓഫീസുകളും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചുവരികയുമാണ്. വെറ്ററിനറി ഡിസ്പെൻസറി കെട്ടിടത്തിന് 3,05,800 രൂപയുടേയും കൃഷിഭവൻ കെട്ടിടത്തിന് 2,08,700 രൂപയുടേയും എസ്റ്റിമേറ്റുകളിൽ ഒതുക്കി മാത്രമേ ഫൈനൽ പേമെന്റ് നടത്തുകയുള്ളൂ. യാതൊരുവിധ അധികച്ചെലവും വരുത്തുന്നതല്ല. ഖണ്ഡികയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണ്.

<u>പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ</u>

പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി : പ്രവൃത്തി പൂർത്തീകരിച്ചു.

A. മൃഗാശുപത്രി കെട്ടിടം :

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | : | 3,05,800 |
| എഗ്രിമെന്റ് തീയതി | : | 22-2-2000 |
| പ്രവൃത്തി പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിച്ച തീയതി | : | 23-9-2002 |
| പ്രവൃത്തി പൂർത്തീകരിക്കാൻ എടുത്ത കാലയളവ് | : | 2 വർഷം 7 മാസം |

ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം | : | 253138 |
| അഡ്വാൻസ് തിരിച്ചു പിടിച്ചത് | : | 170200 |
| ഫൈനൽ പേമെന്റ് തുക | : | 82938 |

എസ്റ്റിമേറ്റിനേക്കാൾ 52662 രൂപ കുറവിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

B. കൃഷി ഭവൻ കെട്ടിടം

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | : | 208700 |
| എഗ്രിമെന്റ് തീയതി | : | 22-2-2000 |
| പ്രവൃത്തി പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനം ആരംഭിച്ച തീയതി | : | 23-9-2002 |
| പ്രവൃത്തി പൂർത്തിയാക്കാനെടുത്ത കാലയളവ് | : | 2 വർഷം 7 മാസം |

ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| ആകെ ചെയ്ത പ്രവർത്തിയുടെ മൂല്യം | : | 154417 |
| അഡ്വാൻസുകൾ തിരിച്ചു പിടിച്ചത് | : | 89500 |
| ഫൈനൽ പേമെന്റ് തുക | : | 64917 |

എസ്റ്റിമേറ്റിനേക്കാൾ 54283 രൂപ കുറവിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ

43. കെട്ടിട നിർമ്മാണ പ്രവൃത്തിക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാകാത്തതിനാലാണ് നിശ്ചിത സമയത്ത് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്. മണൽ വാരൽ നിരോധനവും, ചെങ്കൽ, പൂഴി, ജില്ലി മേഖലകളിലുണ്ടായ സമരങ്ങൾമൂലം അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിലാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്."

(കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-12-2004-ലെ A2-1406/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ആഡിറ്റ് ഖണ്ഡിക

മുൻകൂർ തുക തിരിച്ചുപിടിക്കാത്തത് സംബന്ധിച്ച്

ജെ.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1998-99 വർഷം പൂമംഗലം കിഴക്ക് പൊതുവഴിയിലെ കൺവീനർക്ക് 25-2-1999-ൽ 7,100 രൂപ മുൻകൂർ നൽകി. 33,000 രൂപ എസ്റ്റിമേറ്റുള്ള ടി പണി പൂർത്തീകരിക്കുകയോ മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്യുകയോ

ചെയ്തിട്ടില്ല. കരാറുടമ്പടി ലംഘിച്ച കരാറുകാരന്റെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടുമില്ല. തുക എത്രയും വേഗം കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V, 13(3) (ii)]

ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി

44. "പ്രവൃത്തി പൂർത്തീകരിച്ചു മെഷർമെന്റ് റിക്കാർഡു ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ടയർഡ്) ശ്രീ. സി. വേലായുധൻ നമ്പ്യാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 25,000 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. അടുത്ത പരിശോധനാ സമയത്ത് മെഷർമെന്റ് ബുക്ക് ഹാജരാക്കുന്നതാണ്. പ്രവൃത്തി പൂർത്തീകരിച്ചതിനാൽ സംഖ്യ തിരിച്ചു പിടിക്കാൻ നിരബന്ധിക്കരുതെന്നും, തുടർനടപടികൾ സ്വീകരിക്കരുതെന്നും അപേക്ഷിക്കുന്നു.

പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ

പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി : പ്രവൃത്തി പൂർത്തീകരിച്ചു.

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | : | 33,000 |
| എഗ്രിമെന്റ് തീയതി | : | 25-2-1999 |
| പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയ തീയതി | : | 31-3-2003 |
| പ്രവൃത്തി പൂർത്തീകരിക്കാൻ എടുത്ത കാലയളവ് | : | 4 വർഷം |

ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| (i) ഫൈനൽ ബിൽ തുക | : | 27276 |
| (ii) മുൻകൂർ ഈടാക്കിയത് | : | 7100 |
| (iii) 5% പിഴ | : | 1264 |
| 31-3-2004-ന് നൽകിയ തുക | : | 18812 |

എസ്റ്റിമേറ്റിനെക്കാൾ 5724 രൂപ കുറവിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാകാത്തതിനുള്ള വിശദീകരണം

45. കൺവീനർ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് 13-11-2000-ന് കൺവീനർക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിരുന്നു. ആയതിന് കമ്മിറ്റി അംഗങ്ങളുടെ സഹകരണക്കുറവും, സാങ്കേതിക ബുദ്ധിമുട്ടും കൊണ്ടാണ് പ്രവൃത്തി നീണ്ടുപോയതെന്നും കൺവീനർ മറുപടി നൽകിയിരുന്നു. തുടർന്ന് 22-8-2001-ന് ഗ്രാമപഞ്ചായത്ത് കൺവീനർക്കും, കമ്മിറ്റി

അംഗങ്ങൾക്കും എതിരെ നിയമ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് നോട്ടീസ് അയയ്ക്കുകയും, ആയതിന്, ഏതാനും മാസങ്ങളായി സുഖമില്ലാതെ കിടപ്പിലായതിനാലാണ് പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നും, ആയത് മാപ്പാക്കി കുറച്ചു സമയം കൂടി അനുവദിക്കണമെന്നും കൺവീനർ മറുപടി സമർപ്പിച്ചിരുന്നു. ആയത് കണക്കിലെടുത്ത് ഗ്രാമ പഞ്ചായത്ത് തീരുമാന പ്രകാരം ടിയാന് സമയം അനുവദിക്കുകയും, ടിയാൻ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

46. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്ന രണ്ട് ഓഡിറ്റ് ഖണ്ഡികകളിലും, പരാമർശിക്കപ്പെട്ടിട്ടുള്ള പ്രവർത്തികൾ രണ്ടും പൂർത്തീകരിച്ചിട്ടുണ്ടെന്നും അഡ്വാൻസ് നൽകിയ തുകകൾ തിരികെ ഈടാക്കിയിട്ടുണ്ടെന്നും പള്ളിവയൽ കിഴക്ക് നടപ്പാലം പ്രവൃത്തിക്ക് കൺവീനറിൽ നിന്നും 5% പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട് എന്നും ബോധിപ്പിക്കുന്നു. എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റിലും വളരെ കുറഞ്ഞ തുകയ്ക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ലെന്നും ബോധിപ്പിക്കുന്നു. മേൽ കാര്യങ്ങൾ പരിഗണിച്ച് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിനെതിരേയുള്ള ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കിത്തരണമെന്നും ബഹുമാനപ്പെട്ട നിയമസഭാ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് താഴ്മയായി അപേക്ഷിക്കുന്നു."

(കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-12-2004-ലെ A2-1406/04 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

47. മൃഗാശുപത്രിയും കൃഷിഭവനും എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞനിരക്കിൽ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാലൻസ് വന്ന തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും 15-12-2004-ലെ തെളിവെടുപ്പ് വേളയിൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജയിസൺ മാത്യൂ അറിയിച്ചു.

48. മുൻകൂർ തുക തിരിച്ചുപിടിക്കാത്തത് സംബന്ധിച്ച് കൺവീനറുടെ കയ്യിൽ നിന്നും പിഴ പലിശ സഹിതം തിരിച്ചുപിടിച്ചിട്ടുണ്ടെന്നും ഇക്കാര്യം 1-2-2003-ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

49. എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ പണി പൂർത്തിയാക്കിയെന്നും സ്ഥാപനം ഉദ്ഘാടനം ചെയ്തുവെന്നും ബാക്കി തുക പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുള്ളതിനാൽ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

എൻ. അനിരുദ്ധൻ,

തിരുവനന്തപുരം,
2006 ഒക്ടോബർ, 19.

ചെയർമാൻ,
ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മയ്യിൽ | 4 | പഞ്ചായത്തിന് നഷ്ടമായ തുക തിരിച്ചടച്ചുവെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2 | മുണ്ടേരി | 6 | പരാമർശം ഒഴിവാക്കിയ വിവരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് യഥാസമയം സമിതിയെ അറിയിക്കുകയോ രേഖകളിൽ മാറ്റം വരുത്തുകയോ ചെയ്തിരുന്നെങ്കിൽ തടസ്സം ഒഴിവാക്കി 3 വർഷം കഴിഞ്ഞ ശേഷം നിയമസഭാ സമിതിയുടെ പരിശോധനയ്ക്ക് വരേണ്ട സാഹചര്യവും മുണ്ടേരി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ സമിതിയുടെ തെളിവെടുപ്പിനായി കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് വരേണ്ടി വന്ന സാഹചര്യവും ഒഴിവാക്കാമായിരുന്നു. ഇക്കാര്യം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 3 | പായം | 12 | നടപടി ക്രമങ്ങൾ പാലിക്കാതിരിക്കുകയും രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ,, | 16 | പ്രോജക്റ്റിനായി ചെലവഴിച്ച തുക സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിലും പമ്പ് സെറ്റ് കുടിവെള്ള പദ്ധതിയിൽ വെള്ളം പമ്പ് ചെയ്യുന്നതിനായി ഉപയോഗിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിലും പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ശ്രീകണ്ഠാപുരം | 21 | ലോക്കൽ ഫണ്ട് ഡയറക്ടർ പരിശോധിച്ച് തടസ്സം ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നു. |
| 6 | മലപ്പട്ടം | 28 | ഓഡിറ്റ് തടസ്സം നീക്കുന്നതിന് ശുപാർശ ചെയ്യുന്നതോടൊപ്പം ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകളുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും സിമിതി ശുപാർശ ചെയ്യുന്നു. |
| 7 | പേരാവൂർ | 35 | സമിതി മുമ്പാകെ വന്ന ഓഡിറ്റ് പരാമർശ മായതുകൊണ്ട് ബന്ധപ്പെട്ട ഫയലുകളും ഉദ്യോഗസ്ഥരുടെ മറുപടികളും ലോക്കൽ ഫണ്ട് ആഡിറ്റ് കണ്ണൂർ ജില്ലാ ഡപ്യൂട്ടി ഡയറക്ടർ വിശദമായി പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാമോ എന്നതു സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും ആയതിന്റെ റിപ്പോർട്ട് സമിതിക്ക് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 8 | ചെറുതാഴം | 41 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നൽകിയ മറുപടി പഞ്ചായത്ത് സെക്രട്ടറി ലോക്കൽ ഫണ്ട് ആഡിറ്റിന് യഥാസമയം നൽകാതിരു ന്നതുകൊണ്ടാണ് സർച്ചാർജ് നടപടികളിലേക്ക് കടക്കേണ്ടി വന്നത്. ഈ ആഡിറ്റ് ഖണ്ഡികയെ സംബന്ധിക്കുന്ന എല്ലാ ഫയലുകളും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പഞ്ചായത്ത് തീരുമാനവും ആഡിറ്റിന് അടിയന്തിരമായി നൽകണമെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡപ്യൂട്ടി ഡയറക്ടർ സർച്ചാർജ് നടപടികൾ ഒഴിവാ ക്കുന്നതുൾപ്പെടെയുള്ള കാര്യം പരിശോധിച്ച് തീരുമാനമെടുത്ത് അക്കാര്യം സമിതിയെ അറിയിക്കണമെന്നും ശുപാർശ ചെയ്യുന്നു. |
| 9 | കുറുമാത്തൂർ | 49 | എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ പണി പൂർത്തിയാക്കിയെന്നും സ്ഥാപനം ഉദ്ഘാടനം ചെയ്തുവെന്നും ബാക്കി തുക പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുള്ളതിനാൽ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |